"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം- ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പിൽ ഗ്രേഡ് ഓവർസിയർ ഗ്രേഡ്- III ആയ ശ്രീ.കബീർ കെ.ബി. ക്ക് മെഡിക്കൽ റീഇംബഴ്സ്മെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യൂ) വകുപ്പ്

**സ.ഉ.(സാധാ) നം.2198/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 05/10/2019

പരാമർശം:- 1. ശ്രീ.കബീർ കെ.ബി. സമർപ്പിച്ച 13.11.2017 ലെ മെഡിക്കൽ റീഇംബഴ്സ്മെന്റ് അപേക്ഷ.

2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 16.02.2018, 12.04.2019തീയതികളിലെ ഇ17-16141/2017/സി.ഇ/തസ്വഭവ നമ്പർ കത്ത്.

3. ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസറുടെ 15.03.2019 ലെ ഡി4/6025/2018 നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ വെളിയമറ്റം ഗ്രാമ പഞ്ചായത്തിൽ മൂന്നാം തരം ഓവർസീയർ ആയ ശ്രീ. കബീർ കെ. ബി., തന്റെ മാതാവിന് എറണാകുളം ജില്ലയിലെ മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് ആശുപത്രിയിലെ ചികിത്സയ്ക്കായി 29.08.2017 മുതൽ ക്ക് ചെലവായ ₹ 51,271,/- രൂപ (അൻപത്തി ഒന്നായിരത്തി ഇരുന്നൂറ്റി എഴുപത്തി ഒന്ന് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകണമെന്ന് പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം പരാമർശം 2 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

2. ശ്രീ. കബീർ കെ. ബി.-യുടെ അപേക്ഷയിന്മേൽ പ്രതിപൂരണം ചെയ്യുന്നതിന് അനുവദനീയമായ തുക ₹ 24,949/- രൂപ (ഇരുപത്തി നാലായിരത്തി തൊള്ളായിരത്തി നാല്പത്തി ഒൻപത് രൂപ മാത്രം) ആണെന്ന് ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഇടുക്കി ജില്ലയിലെ വെളിയമറ്റം ഗ്രാമ പഞ്ചായത്തിൽ മൂന്നാം തരം ഓവർസീയർ ആയ ശ്രീ. കബീർ കെ. ബി.യുടെ മാതാവിന് എറണാകുളം ജില്ലയിലെ മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് ആശുപത്രിയിലെ ചികിത്സയ്ക്ക് 29.08.2017 മുതൽക്ക് ചെലവായ തുകയിൽ ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയുടെ 80 % ആയ ₹19,959/ - രൂപ (പത്തൊൻപതിനായിരത്തി തൊള്ളായിരത്തി അൻപത്തി ഒൻപത് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. മേൽ തുക 2515-00-001-92-01" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും ചിലവഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**യു.ഗോപകുമാർ**

അണ്ടർ സെക്രട്ടറി

1. ശ്രീ.കബീർ കെ.ബി., ക്ലർക്ക്(*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (ബില്ലുകളും അനുബന്ധ രേഖകളും സഹിതം)
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ് (06-09-2019 ലെ 1274356/L3/481/2019-Fin നമ്പർ കുറിപ്പ് പ്രകാരം)
6. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.